6594
10/7/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- തിരൂരങ്ങാടി ഐ.സി.ഡി.എസ് -അംഗൻവാടി വർക്കറായ ശ്രീമതി. സരിഗ യ്ക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി അവധി അനുവദിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 414/2014/സാനീവ തീയതി, തിരുവനന്തപുരം, 20.6.2014

---

പരാമർശം :- (1) സാമൂഹ്യനീതി ഡയറക്ടറുടെ 31.08.1992- ലെ ഐസിഡിഎസ്.ബി2/19474/92 നമ്പർ പരിപത്രം.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 19.07.2013, 15.01.2014, 04.03.2014 എന്നീ തീയതികളിലെ ഐ.സി.ഡി.എസ്/ബി6-21242/13 നമ്പർ കത്തുകൾ.

ഉത്തരവ്

തിരൂരങ്ങാടി ഐ.സി.ഡി.എസ് പ്രോജക്ടിൻ കീഴിലെ അംഗൻവാടി വർക്കറായ ശ്രീമതി. സരിഗ വിദ്യാഭ്യാസ ആവശ്യത്തിനായി (ബി.എ ഇംഗ്ലീഷ്) 01.02.2013 മുതൽ 0102.2016 വരെ 3 വർഷത്തേയ്ക്ക് അവധിയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും, സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്ന് ടി.ടി.സി മുതലായ കോഴ്സുകൾ പഠിക്കുന്നതിന് അംഗൻവാടി ജീവനക്കാർക്ക് പരമാവധി 2 വർഷം വരെ മാത്രമേ ഓണറേറിയമില്ലാത്ത അവധി അനുവദിക്കുവാൻ പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിട്ടുള്ളൂവെന്നതിനാൽ ശ്രീമതി. സരിഗയ്ക്ക് 3 വർഷത്തേയ്ക്ക് അവധി അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച്, നിലവിലെ വ്യവസ്ഥകളിൽ ഇളവു നൽകി ശ്രീമതി. സരിഗയ്ക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി 01.02.2013 മുതൽ 3 വർഷത്തേയ്ക്ക് ഓണറേറിയമില്ലാത്ത അവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ശിശുവികസന പദ്ധതി ഓഫീസർ, തിരൂരങ്ങാടി. (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ